LIBRARY ARCHIVES Kerala Legislative Assembly

ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) എൻ.എ.എ.സി. സ്കീമിൽ ഉൾപ്പെടുത്തി മടപ്പള്ളി കോളേജിൽ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തിക്കായി എത്ര തുകയാണ് ഇതിനോടകം ചെലവാക്കിയിട്ടുള്ളതെന്നും എത്ര തുകയുടെ എസ്റ്റിമേറ്റാണ് ഈ പ്രവൃത്തിക്കായി തയ്യാറാക്കിയിട്ടുള്ളതെന്നും അറിയിക്കുമോ;

&

(എഫ്) മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിന്റെ സ്ട്രക്ച്ചറൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. മേൽക്കൂരയും ഫിനിഷിംഗ് വർക്കും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ടി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഫണ്ട് പര്യാപ്തമല്ലാത്തതിനാൽ ബാക്കി 3.87 കോടി രൂപ ആവശ്യമുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലാണ്.

ചവറ സർക്കാർ കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം

131(1116) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി വികസന പ്രവർത്തനങ്ങൾ നടക്കുന്ന ചവറ സർക്കാർ കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം വർഷങ്ങളായി തടസ്സപ്പെട്ടിരിക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ചുറ്റുമതിൽ നിർമ്മാണത്തിന് തടസ്സമായി പ്രദേശത്തെ വ്യക്തിയുമായി നിലനിൽക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ?

ഉണ്ട്. ചവറ ബി.ജെ.എം. സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് സമീപപ്രദേശത്തെ വ്യക്തിയുമായി നിലനിൽക്കുന്ന നാല് കേസുകളിൽ രണ്ട് കേസുകളിൽ കോളേജിന് അനുകൂലമായ വിധി ഉണ്ടായെങ്കിലും അതിനെതിരെ പരാതിക്കാരൻ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. രണ്ട് കേസുകളിൽ ബഹുമാനപ്പെട്ട കോടതി അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല.